**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2211** 17.02.2016-ൽ മറുപടിക്ക്

## ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ

ചോദ്യം

**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ബെന്നി ബെഹനാൻ**
**ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി**
**ശ്രീ. ജോസഫ് വാഴയ്ക്കൻ**

മറുപടി

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) ജനങ്ങൾക്ക് ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(എ) ഇ-ഡിസ്ട്രിക്റ്റ് മുഖാന്തിരം ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ നൽകി വരുന്നുണ്ട്.

ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(ബി) & സി) ഓഫീസുകളിൽ പോകാതെ സർക്കാർ സർവ്വീസുകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സംസ്ഥാനത്ത് റവന്യൂ വകുപ്പിൻ കീഴിൽ നടപ്പിലാക്കിയ ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയും അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈനായി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന സമ്പ്രദായവും നടപ്പിലാക്കുന്നതിനു മുന്നോടിയായി റവന്യൂ ഓഫീസുകളിൽ ആവശ്യമായിരുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്നു. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളിൽ ആരംഭിക്കുകയും, പിന്നീട് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുകയും ചെയ്തു. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതിനു മുന്നോടിയായി എല്ലാ വില്ലേജ്, താലൂക്ക് ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യവും, കമ്പ്യൂട്ടർ മുതലായ ഹാർഡ് വെയറുകളും നൽകി ജില്ലകളിലെ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചു. കൂടാതെ ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിലൂടെ ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഒപ്പുവയ്ക്കുന്നതിന് സർട്ടിഫിക്കറ്റുകൾ അംഗീകരിച്ച് നൽകേണ്ട ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ടോക്കണുകൾ ലഭ്യമാക്കുകയും, അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്തിരുന്നു. ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി എല്ലാ ജില്ലകളിലും 5 വീതം ഹാൻഡ് ഹോൾഡ് സപ്പോർട്ട് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട് . കൂടാതെ എല്ലാ ജില്ലകളിലും മാസത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും ജില്ലാ കളക്ടറുടെ

അദ്ധ്യക്ഷതയിൽ അവലോകന യോഗം നടത്തണം എന്ന കർശന നിർദേശം ഐ.ടി. മിഷൻ ബന്ധപ്പെട്ട അധികാരികൾക്ക് നല്കിയിട്ടുണ്ട്. ഇതിൻ പ്രകാരം ഭൂരിഭാഗം ജില്ലകളും ബന്ധപ്പെട്ട അവലോകന യോഗങ്ങൾ എല്ലാ മാസങ്ങളിലും നടത്തുകയും അതാതു ജില്ലകളിലെ ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

ഇ-ഗവേണൻസിനു വേണ്ടി department തലത്തിൽ വിവിധ പ്രൊജക്റ്റ് കമ്മിറ്റികളും, ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാന തലത്തിൽ അപെക്സ് കമ്മിറ്റിയും പുരോഗതി വിലയിരുത്തുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഇ-ഗവേണൻസ് നയ രൂപികരണത്തിന് സ്റ്റിയറിംഗ് കമ്മിറ്റിയും പുരോഗതി വിലയിരുത്തുന്നതിനായി നിലവിലുണ്ട് .

Sojein

സെക്ഷൻ ഓഫീസർ